# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 4666/11/12/2023/ TVM**

പരാതികക്ഷി : എൻ.വിക്രമൻ പിള്ള,അനീഷാഭവൻ,കലമാനൂർ
ചെറിയകൊണ്ണി, തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 09.05.2024**

പരാതികക്ഷി ഹൃദ് രോഗിയാണെന്നും, കൂലിപ്പണിയെടുത്ത് ജീവിക്കാൻ പോലും നിവൃത്തിയില്ലായെന്നും, തങ്ങൾ താമസിക്കുന്ന വീട് ശോചനീയമായ അവസ്ഥയിലാണെന്നും, ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷ നൽകിയിട്ട് നടപടി ഒന്നും ഉണ്ടാകുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷി ലൈഫ് ഭവന പദ്ധതിയുടെ 2020 ലെ പട്ടികയിൽ ഉൾപ്പെടുത്തുവാനായി അപേക്ഷ നൽകിയിരുന്നതായും, എന്നാൽ ടിയാളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന വസ്തു അവകാശികൾക്ക് ഭാഗം ചെയ്തുകൊടുത്തതിനാൽ ഭവന പദ്ധതിയുടെ അർഹതാപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും, ടിയാൻ നിലവിൽ താമസിക്കുന്ന വാർഡിലെ ഗ്രാമസഭ, ഭവനപദ്ധതികൾക്കായി ഇനി തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ പരാതിക്കാരൻെറ പേര് ഉൾപ്പെട്ടുവരുന്ന മുറയ്ക്ക് ഫണ്ടിൻെറ ലഭ്യതയനുസരിച്ചും മുൻഗണനാടിസ്ഥാനത്തിലും സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കു വിധേയമായി ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതാണെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിച്ചു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കു വിധേയമായി ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കേണ്ടതാണെന്ന് അരുവിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി തീർപ്പാക്കുന്നു.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ 1/c